# ഗവണ്മെന്റ് യു. പി സ്കൂൾ എരുവേശ്ശി

## 2025-26



# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# ആമുഖം

കണ്ണൂർ ജില്ലയിൽ വടക്ക് കിഴക്കൻ മലയോര മേഖലയുടെ ജീവസ്പന്ദനമായ തുള്ളി പതഞ്ഞൊഴുകുന്ന വിനോദസഞ്ചാരികളുടെ പറുദീസയായ പൈതൽമലയുടെ ഉച്ചിയിൽ നിന്ന് ഉൽഭവിച്ച് അറബിക്കടലിന് ആലിംഗലം ചെയ്യാനുള്ള ആവേശത്തോടെ കുണുങ്ങി ഒഴുകുന്ന കാക്കനാടന്റെ കൊറോദയിലൂടെ അമരത്വം നേടിയ ചെമ്പേരിപ്പുഴയുടെ ഓരത്ത് കാസർഗോഡ് മുതൽ തലസ്ഥാനനഗരി വരെ എത്തുന്ന മലയോര ഹൈവയോട് ചേർന്ന് സ്ഥിതിചെയ്യുന്ന പൂപ്പറമ്പ്.പേര് പോലെ തന്നെ മനോഹരമായ ഗ്രാമം. വടക്കോട്ട് നോക്കിയാൽ പ്രൗഢിയോടെ തല ഉയർത്തി നിൽക്കുന്ന പൈതൽമല. കിഴക്കോട്ട് നോക്കിയാൽ കുന്നത്തൂർപാടിയുടെ കുന്നിൻ നിറുക. പടിഞ്ഞാറ് പാടിക്കുറ്റി ഭഗവതിയുടെ പാദസ്പർശമേറ്റ പുണ്യഭൂമി. മതമൈത്രിക്ക്

മാതൃകയായി ഹിന്ദു മുസ്ലിം ക്രിസ്ത്യൻ ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന ഭൂപ്രദേശം.

പൂപ്പറമ്പിന്റെ പുരോഗതിക്ക് വേണ്ടത് ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് എന്ന കണ്ടെത്തൽ ഒരു മാറ്റത്തിന്റെ ശംഖൊലി ആയിരുന്നു. 1981ൽ ഇരിക്കൂർ എം എൽ എ ആയിരുന്ന ബഹുമാനപ്പെട്ട രാമചന്ദ്രൻ കടന്നപ്പള്ളിയുടെ പ്രത്യേക താൽപര്യമാണ് പൂപ്പറമ്പിൽ ഒരു പ്രാഥമിക വിദ്യാലയത്തിന് ബീജാവാപം ചെയ്യാനിടയായത്. 1981 ഡിസംബർ 31ന് ഗവൺമെന്റ് യുപി സ്കൂൾ യാഥാർത്ഥ്യമായി. ഇപ്പോൾ

ഒന്നുമുതൽ ഏഴ് വരെ ക്ലാസുകളിൽ ആയി 95 കുട്ടികളും 9 അധ്യാപകരും വിദ്യാലയത്തിൽ ഉണ്ട്.

# ഗവൺമെന്റ് യുപി സ്കൂൾ
# ഏരുവേശി
# സമഗ്ര ഗുണമേന്മവിദ്യാഭ്യാസം
## 2025 -26

## പ്രവർത്തനങ്ങൾ- ഒറ്റനോട്ടത്തിൽ

ജൂൺ

- പ്രവേശനോത്സവം
- പൊതു കാര്യങ്ങൾ
- പരിസ്ഥിതി ദിനം
- ക്രിയേറ്റീവ് കോർണർ ഉദ്ഘാടനം, ശില്പശാല
- വായനദിനം
- ക്ലാസ് പിടിഎ
- വായന പക്ഷാചരണം
- മയക്കുമരുന്ന് വിരുദ്ധ ദിനം
- ജനറൽ പിടിഎ

ജൂലൈ

- പത്ര ക്വിസ് ആരംഭം
- ബഷീർ ദിനം
- ജനസംഖ്യാദിനം
- ചാന്ദ്രദിനം
- വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം

- ഗണിത ശില്പശാല
- പരീക്ഷണ കളരി

ആഗസ്റ്റ്

- ഇംഗ്ലീഷ് അസംബ്ലി
- ഹിന്ദി അസംബ്ലി
- ഹിരോഷിമാ ദിനം
- കിറ്റ് ഇന്ത്യ ദിനം
- സ്വാതന്ത്ര്യ ദിനം

സെപ്റ്റംബർ

- ക്ലാസ് പിടിഎ
- ഹിന്ദി ദിനം
- സ്കൂൾതലശാസ്ത്രോത്സവം
- സ്കൂൾ  തല കലോത്സവം
- സ്കൂൾ കായികമേള

ഒക്ടോബർ

- ഗാന്ധിജയന്തി
- രചന ശില്പശാല
- നാടൻ ഭക്ഷണമേള
- ചിത്രരചന ശാല
- കൃഷിയിടം

നവംബർ

- കേരളപ്പിറവി ദിനം

- പക്ഷി നിരീക്ഷണം
- ശിശുദിനം
- ഹിന്ദി കയ്യെഴുത്തു മാസിക ആരംഭം

ഡിസംബർ

- ഇംഗ്ലീഷ് ശില്പശാല
- സഹവാസ ക്യാമ്പ്
- സംസ്കൃതം കയ്യെഴുത്ത് മാസിക ആരംഭം

ജനുവരി

- ക്ലാസ് പിടിഎ
- പഠനയാത്ര

ഫെബ്രുവരി

- ഇംഗ്ലീഷ് ഫെസ്റ്റ്
- കയ്യെഴുത്ത് മാസിക ആരംഭം
- മാതൃഭാഷാ ദിനം
- പഠനോത്സവം
- ശാസ്ത്ര ദിനം

മാർച്ച്

- കുട്ടികളുടെ പുസ്തക പ്രകാശനം
- വാർഷികം

# വിഷയാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ

മലയാളം

- പരിഹാര ബോധന പ്രവർത്തനങ്ങൾ
- ക്ലാസ്സ് ലൈബ്രറി ശാക്തീകരണം
- രചന ശില്പശാല
- ചിത്രത്തിൽ നിന്നും കഥയിലേക്ക്
- ഇൻലന്റ് മാസിക
- പുസ്തക പ്രകാശനം

ഇംഗ്ലീഷ്

- ഇംഗ്ലീഷ് അസംബ്ലി
- ഇംഗ്ലീഷ് വർക്ക് ഷോപ്പ്
- തിയേറ്റർ ഗെയിം
- ഇംഗ്ലീഷ് ഫെസ്റ്റ്

ഹിന്ദി

- സുരലി ഹിന്ദി
- ഹിന്ദി അസംബ്ലി
- ഹിന്ദി കയ്യെഴുത്ത് മാസിക
- ഹിന്ദി വായനോത്സവം

സംസ്കൃതം

- സംസ്കൃത ദിനാഘോഷം
- വായനോത്സവം
- കയ്യെഴുത്തു മാസിക

ഗണിതം

- പരിഹാരബോധന പ്രവർത്തനങ്ങൾ- ഗണിത ക്ലിനിക്ക്
- ഗണിത ശില്പശാല
- കോർണർ
- ഒറിഗാമി ശില്പശാല
- ഗണിത ലാബ് സജ്ജമാക്കൽ
- ഗണിത ഗ്രാമം

ശാസ്ത്രം

- പരീക്ഷണ കളരി
- ക്രിയേറ്റീവ് കോർണർ
- കണ്ടറിയാൻ ഒരു യാത്ര
- ശാസ്ത്ര വിസ്മയ ചുമർ
- പച്ചക്കറി തോട്ടം
- ശാസ്ത്രോത്സവം

സാമൂഹ്യ ശാസ്ത്രം

- വൻകരകളിലൂടെ ഒരു യാത്ര
- നിയമ ബോധവൽക്കരണ ക്ലാസ്
- ഭൂമിയുടെ ഘടന മാതൃക നിർമ്മാണം

മറ്റുള്ളവ

- കൃഷിയിടം
- പത്ര ക്വിസ്
- ദിനാചരണങ്ങൾ
- സ്മാർട്ട് ക്ലാസ്സ് റൂം ഐസിടി
- മലയാളം ഇംഗ്ലീഷ് ടൈപ്പിംഗ്
- ജിയോജിബ്ര
- എൽ എസ് എസ് യു എസ് എസ് പരിശീലനം

- പ്രവർത്തിപരിചയ മേള
- ശാസ്ത്രമേള
- കലാമേള
- കായികമേള

# STD I

## ഭാഷ

### ജൂൺ

- സചിത്ര നോട്ട് ബുക്ക്, അക്കാദമിക് മാസ്റ്റർ പ്ലാൻ, തയ്യാറാക്കൽ, അവതരണം.
- സച്ചിത്ര ഡയറി സംയുക്ത ഡയറി എന്ന ആശയങ്ങൾ രക്ഷിതാക്കളിൽ എത്തിക്കൽ
- ചിത്ര കാർഡുകൾ വായനക്കാർഡുകൾ നിർമ്മാണ ശില്പശാല
- താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ കഥകൾ പറയൽ
- ചിത്ര വായന

### ജൂലൈ

- സംയുക്ത ഡയറി എഴുതൽ സഹായം ഒരുക്കൽ
- വായനമൂല, ക്ലാസ് ലൈബ്രറി എന്നിവ ഒരുക്കൽ

- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതൽ
- ചെറിയ കഥകൾ കേൾക്കാനുള്ള അവസരം ഒരുക്കൽ
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും ഉള്ള അവസരം ഒരുക്കൽ
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ
- ചിത്ര വായനയിലൂടെ ആശയം മനസ്സിലാക്കൽ
- ചിത്രവായനയിലൂടെ വാചകമായി പറയൽ
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ

## ഓഗസ്റ്റ്

- നിർമ്മാണ ശില്പശാല പാട്ടരങ്ങ് മലയാളം മധുരം പ്രവർത്തനങ്ങൾ
- ഭാഷാ വികസനത്തിന് അവസരം ഒരുക്കൽ
- സംയുക്ത ഡയറി എഴുതൽ
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കൽ
- സ്വതന്ത്ര രചനകളിൽ ഏർപ്പെടൽ
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കൽ
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു

## സെപ്റ്റംബർ

- സംയുക്ത ഡയറി മെച്ചപ്പെടുത്തൽ

- സ്വതന്ത്ര രചന പരിപോഷിപ്പിക്കൽ
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറിയുടെ മെച്ചപ്പെടൽ
- അനുപവാധിഷ്ഠിതമായ ഭാഷാ പഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കൽ
- വ്യക്തിഗത രചനകൾക്ക് അവസരം
- കുട്ടികളെ സ്വാതന്ത്ര്യ രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു
- മൂല്യനിർണയ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ

## ഒക്ടോബർ

- വായനോത്സവം സംഘടിപ്പിക്കൽ
- ആസ്വാദ്യകരമായ വായന നടത്തൽ
- ചിത്ര വായന പ്രവർത്തനങ്ങൾ
- കുട്ടിയുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കൽ
- ഭാഷാ പ്രവർത്തനങ്ങളിൽ സജീവതയും സർഗാത്മകതയും ഉൾക്കൊള്ളിക്കുന്നു
- കുട്ടിക്കവിതകൾ ഒറ്റയ്ക്കും കൂട്ടായ്മയും ചൊല്ലി രസിക്കൽ അവതരിപ്പിക്കൽ

## നവംബർ

- സംയുക്ത ഡയറി രചന കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചന നടത്തൽ
- കൂട്ട വായന വീട്ടുവായന നാട്ടുവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- വായനോത്സവം മെച്ചപ്പെട്ട പ്രവർത്തനങ്ങൾ
- രചനോത്സവം സംഘടിപ്പിക്കൽ
- പത്രവായനയെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ
- താളാത്മകമായി കവിതകൾ ചൊല്ലൽ

## ഡിസംബർ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവും ആയി അവതരിപ്പിക്കൽ
- രചനശേഷി പരിപോഷിപ്പിക്കൽ
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാതെ എഴുതൽ
- സംഘം ചേർന്നുള്ള രചന പ്രവർത്തനങ്ങൾ
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനുമുള്ള പ്രവർത്തനങ്ങൾ

## ജനുവരി

- ലഘു രചന ശിൽപ്പശാലകൾ നടത്തൽ
- റീഡേഴ്സ് തിയേറ്റർ വായന കേളികൾ എന്നിവയിലൂടെ കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു
- കുട്ടികളുടെ സ്വയം രചനകൾ കവിത കഥ എന്നിവയുടെ പ്രകാശനം
- സർഗ്ഗശേഷി അവതരണം സമൂഹത്തിന് മുന്നിൽ ഓരോ കുട്ടിക്കും പങ്കാളിത്തം
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റലായി സൂക്ഷിക്കുന്നു

## ഫെബ്രുവരി

- ഭാഷോത്സവം രചനോത്സവം എന്നിവ സമൂഹ പങ്കാളിത്തത്തിൽ നടപ്പിലാക്കൽ
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കൽ, എഴുതൽ, ആശയം പങ്കിടൽ

- ആശയപൂർണ്ണമായ തൽസമയ രചനകൾ നടത്തുന്നു
- സ്വന്തമായി രചനകൾ നടത്തി കുത്തെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു

## മാർച്ച്

- സ്വയം തിരഞ്ഞെടുത്ത കഥാകവിത പുസ്തകങ്ങൾ വായിക്കൽ, വായനാനുഭവങ്ങൾ വാചികമായും രചന രൂപത്തിലും പങ്കുവയ്ക്കൽ
- ഓരോ കുട്ടിക്കും മികവാർന്ന ഓരോ സ്വയം രചന പതിപ്പുകൾ
- അമ്മ വായന ചങ്ങല വായന സ്വന്തം വായന ഇവയെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ

## ENGLISH

**June**

- Introduce simple words.
- Provides picture cards.

**July**

- Identify familiar words
- Say familiar words
- Read and write familiar words

**August**

- Enjoy songs and sing them with rhythm and actions
- Describes orally about pictures and objects

**September**

- Read and write simple words and sentences
- Provides picture cards and reading cards

**October**

- Introduced simple picture descriptions
- Make word chain, sentence chain
- Make riddles
- Familiarise describing words and rhyming words

**November**

- Prepare reading cards
- Provide more opportunities to read, write, and speak English

- Write few words daily

**December**

- Read and understand simple instructions
- Encourage digital reading

**January**

- Make picture albums
- Familiarise the names of birds, animals and its young ones

**February**

- Provide the opportunity to self introduction
- English assembly once in a week

**March**

- Speaks English fluently
- Read and write simple sentences
- Picture reading and picture description

# ഗണിതം

**ജൂൺ**

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു
- സംഖ്യാ കാർഡ് നിർമ്മിക്കൽ
- കൂടുതൽ, കുറവ്, അടുത്ത് , അകലെ, മുകളിൽ, താഴെ എന്നീ ആശയങ്ങൾ മനസ്സിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

**ജൂലൈ**

- ഗണിത പഠനത്തിന് സഹായകരമാവുന്ന തരത്തിൽ ഗണിത കിറ്റ് തയ്യാറാക്കൽ
- ചിത്രങ്ങൾ, വസ്തുക്കൾ എന്നിവയുടെ സഹായത്തോടെ പ്രവർത്തനങ്ങൾ ചെയ്യുന്നു

**ഓഗസ്റ്റ്**

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു
- ഗണിത കിറ്റിലെ വസ്തുക്കളുടെ സഹായത്തോടെ വിവിധ ഗണിത കേളികൾ നടത്തുന്നു

**സെപ്റ്റംബർ**

- ഒരക്ക സംഖ്യകളുടെ സങ്കലനം
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ
- ഒന്നിനോടൊന്നു കൂട്ടിയാൽ അടുത്ത സംഖ്യ കിട്ടും എന്ന തിരിച്ചറിവ്

**ഒക്ടോബർ**

- ഒറ്റ സംഖ്യ ഇരട്ട സംഖ്യ തിരിച്ചറിയുന്നു
- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയുന്നു
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

## നവംബർ

- സംഖ്യ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരൊക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങൾ

## ഡിസംബർ

- സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ
- ഗണിത ആൽബം തയ്യാറാക്കൽ

## ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ
- ഒന്നു മുതൽ പത്ത് വരെ സംഖ്യ വ്യാഖ്യാനം

## ഫെബ്രുവരി

- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ
- ലളിതമായ ഗണിത പ്രശ്നങ്ങൾ സ്വയം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ

## മാർച്ച്

- സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിഞ്ഞ് അപഗ്രഥന പ്രശ്നങ്ങൾ നിർദ്ദ്ധാരണം ചെയ്യുന്നു
- ഗണിതശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ സ്വയം പൂർത്തിയാക്കാൻ സാധിക്കുന്നു

- മൂല്യനിർണയ പ്രവർത്തനങ്ങൾ പൂർത്തിയാക്കൽ

# STD III

## മലയാളം

### ജൂൺ- ജൂലൈ

- കനകച്ചിലങ്ക
- നാടൻ പാട്ടുകൾ ശേഖരണം
- പഴഞ്ചൊല്ല് ശേഖരണം
- കടങ്കഥാശേഖരണം കടങ്കഥ പതിപ്പ് കടങ്കഥ പയറ്റ്
- കഥാ ശേഖരണം ക്ലാസ് ലൈബ്രറി നവീകരണം
- കവിത ചൊല്ലൽ ശില്പശാല

### ആഗസ്റ്റ്- സെപ്റ്റംബർ

- പലഹാരപ്പൊതി
- ക്ലാസ് ലൈബ്രറിയിലേക്ക് കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
- നാടക ശില്പശാല
- റോൾപ്ലേ അവതരണങ്ങൾ
- പലഹാരമേള
- മാതൃകകൾ - മാതൃകകൾ

### ഒക്ടോബർ

- മനുഷ്യന്റെ കൈകൾ
- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ കൃഷിചൊല്ലുകൾ അവതരണം

- കുട്ടിക്കളികൾ കുട്ടിക്കാലത്തെ കളി അനുഭവം വിവരണം പതിപ്പ്

# പരിസര പഠനം

**ജൂൺ**

- പ്രകൃതി നടത്തം
- ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷണം
- പ്രത്യേകതകൾ മനസ്സിലാക്കാം വിവിധ ആവാസ് അവസ്ഥകൾ അടുത്തറിയാം ഫീൽഡ് ട്രിപ്പ്

**ജൂൺ- മാർച്ച്**

- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തെ നടൽ
- നട്ട വൃക്ഷത്തെ പരിപാലിക്കാൻ
- പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ
- വീട്ടിൽ പൂന്തോട്ടം നിർമ്മിക്കാൻ പരിപാലിക്കൽ

**ജൂൺ - മാർച്ച്**

- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം
- നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാൻ സാർവേ
- പോസ്റ്റർ തയ്യാറാക്കാം പതിക്കാം
- ജനുവരി മാർച്ച്
- ഫീൽഡ് ട്രിപ്പ്

- പരീക്ഷണങ്ങൾ
- പക്ഷിനിരീക്ഷണം

# ഗണിതം

## ലക്ഷ്യം 1

- ഗണിത പഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ
- പ്രവർത്തനം - വിവിധ തരം കളികൾ ആസൂത്രണം ചെയ്യാൻ നടപ്പിലാക്കൽ
- കാലം - വർഷം മുഴുവനും
- ചുമതല - ഗണിത അധ്യാപകൻ

## ലക്ഷ്യം 2

- ഒറിഗാമി പഠനം
- പ്രവർത്തനം - ഒറിഗാമിരൂപങ്ങളുടെ നിർമ്മാണം പ്രദർശനം
- കാലം – ജൂൺ- ജൂലായ്
- ചുമതല - ഗണിത അധ്യാപകൻ

## ലക്ഷ്യം 3

- ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ

- പ്രവർത്തനം - ഗണിതലാപുരക്കൽ പഠനത്തിന് ഉപയോഗപ്പെടുത്താൻ
- കാലം – വർഷം മുഴുവൻ
- ചുമതല  -  ഗണിത അധ്യാപകൻ

**ലക്ഷ്യം 4**

- ഗണിതശേഷികളുടെ പ്രകടനം
- പ്രവർത്തനം - പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപ്പന്നങ്ങളുടെ  പ്രദർശനം
- കാലം – വിവിധ മാസങ്ങളിൽ
- ചുമതല  -  ഗണിത അധ്യാപകൻ

## STD IV

# മലയാളം

**ലക്ഷ്യം -**

- ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കാൻ
- വായനശേഷി വളർത്തൽ
- എഴുത്തു പരിപോഷിപ്പിക്കൽ
- ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ

**കാലാവധി** - വർഷം മുഴുവൻ

**ചുമതല -** അധ്യാപക

**പ്രവർത്തനം**

- പിന്നോക്കം  നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം
- ക്ലാസ് വായനക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം വായന കുറിപ്പ്, ആസ്വാദനക്കുറിപ്പ്, ആനുകാലിക  വായന
- പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ
- സാഹിത്യകാരനുമായി എഴുത്തിലൂടെ സംവദിക്കൽ

# ഗണിതം

## ലക്ഷ്യം 1

- ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം
- പ്രവർത്തനം  -  ഒറിഗാമി ശില്പശാല രസകരമായി ഗണിത പഠനം നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും ഒറിഗാമിഗ്രാം നിർമ്മിക്കൽ പ്രദർശനം
- കാലം   -  ജൂൺ  -  ജൂലായ്
- ചുമതല  -  ഗണിത അധ്യാപകൻ

## ലക്ഷ്യം 2

- സംഖ്യകളെ തിരിച്ചറിയാൻ സ്ഥാന വില കണ്ടെത്താം

- പ്രവർത്തനം - ആയിരം മുതൽ പതിനായിരം വരെയുള്ള സംഖ്യകളെ ഉൾപ്പെടുത്തി അത് എളുപ്പത്തിൽ പഠിക്കാനുള്ള രസകരമായ ഗണിത പ്രസ്സിൽ കേളികൾ
- കാലം - ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ
- ചുമതല - ഗണിത അധ്യാപകൻ

**ലക്ഷ്യം 3**

- ക്ലോക്ക് നിർമ്മിക്കാം സമയം കണ്ടെത്താം
- പ്രവർത്തനം - പഴയ സിഡി, ടങ് ക്ലീനർ എന്നിവ ഉപയോഗിച്ച് സമയം നിർമ്മിച്ച് സമയം കണ്ടെത്താം
- കാലം - നവംബർ ഡിസംബർ ജനുവരി
- ചുമതല - ഗണിത അധ്യാപകൻ

**ലക്ഷ്യം 4**

- ഗണിതം ലളിതമാക്കാം കളികളിലൂടെ
- പ്രവർത്തനം - മെട്രിക് മേള ഗണിതോത്സവം
- കാലം -ഫെബ്രുവരി മാർച്ച്
- ചുമതല - ഗണിത അധ്യാപകൻ

# സാമൂഹ്യശാസ്ത്രം UP

**ലക്ഷ്യങ്ങൾ**

- ലോകത്തിലെ ഓരോ വൻകരയും ഏത് കാലാവസ്ഥാ മേഖലയിൽ പെടുന്നു എന്ന ആദ്യധാരണ ലഭിക്കുന്നു
- ഓരോ വൻകരയിലും ഉള്ള ഓരോ രാജ്യങ്ങളെ കുറിച്ചും ആഴമായ അറിവ് ലഭിക്കുന്നു
- ഒരു വൻകരയിലെയും ജനജീവിതം തിരിച്ചറിയാൻ കഴിയുന്നു

- കാലാവസ്ഥ എങ്ങനെ ഉള്ളതാണെന്ന് ധാരണ ലഭിക്കുന്നു
- വൻകരകളിലെ മറ്റ് പല പ്രത്യേകതകളും തിരിച്ചറിയുന്നു
- ICTയുടെ സഹായം ഉൾച്ചേർന്നത് കൂടിയാകുമ്പോൾ ഓരോ വൻകരകളിലൂടെയും ഒരു യാത്ര ചെയ്ത അനുഭൂതി ഉൾക്കാഴ്ച കുട്ടികൾക്ക് ലഭിക്കുന്നു

**പ്രവർത്തനം -** പ്രൊജക്റ്റ് വൻകരകളിലൂടെ ഒരു യാത്ര

**കാലയളവ്** - ജൂൺ- ജനുവരി

- കുട്ടികളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുന്നു - ICT സാധ്യതകൾ ഉപയോഗിച്ച് താജ്മഹൽ ചെങ്കോട്ട ഹമ്പി തുടങ്ങിയ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച ചരിത്രാവബോധം വളർത്തുന്നു
- ആശയങ്ങൾ സന്ദേശങ്ങൾ ലക്ഷ്യങ്ങൾ ഉൾക്കൊണ്ട് കിറ്റ് തയ്യാറാക്കാനുള്ള അവസരം ഒരുക്കുന്നു - ബസവണ്ണയുടെ ആശയങ്ങളും സന്ദേശങ്ങളും സ്കിറ്റ് തയ്യാറാക്കി അവതരിപ്പിക്കുന്നു
- സമത്വം സാമ്പത്തിക വികസനം സംരക്ഷിക്കുക - ഇന്ത്യയിൽ നടത്തിയ ഭരണഘടന ഭേദഗതികളെ കുറിച്ച് പ്രോജക്ട് തയ്യാറാക്കൽ
- നിയമങ്ങൾ മനസ്സിലാക്കാൻ ആരും നിയമത്തിന് അതീതല്ലെന്ന ബോധം ഉണ്ടാക്കാൻ. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ കുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള നിയമമാണ് പോക്സോ നിയമം - നിയമ ബോധവൽക്കരണ ക്ലാസ്

- സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു - വെള്ളപ്പൊക്കം മറ്റു പ്രകൃതി ദുരന്തങ്ങൾ മനുഷ്യനിർമ്മിത ദുരന്തങ്ങൾ നേരിട്ടവർക്ക് സഹായം ചെയ്യാൻ അവസരങ്ങൾ ഒരുക്കുന്നു
- ഭൂമിയുടെ ഉള്ളറകളിലെ സവിശേഷതകൾ മനസ്സിലാക്കുന്നതിന് - ഭൂമിയുടെ ഘടനയുടെ മാതൃക നിർമ്മിക്കൽ

## ശാസ്ത്രം

**ലക്ഷ്യം 1 -**

ജീവിത സാഹചര്യങ്ങളിലും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാം

- പ്രവർത്തനം - പരീക്ഷണക്കളരി
- നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു
- കാലയളവ് - വർഷം മുഴുവൻ
- ചുമതല - ശാസ്ത്ര അധ്യാപകർ

- പ്രവർത്തനം - കണ്ടറിയാൻ ഒരു യാത്ര
- വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, വയൽ, പുഴ സന്ദർശനം
- കാലയളവ് - ജൂലൈ
- നഴ്സറി സന്ദർശനം

- പ്രവർത്തനം - പച്ചക്കറിത്തോട്ടം
- വിത്ത് വിവിധതരം പച്ചക്കറി തൈകൾ പരിപാലനം പച്ചക്കറിത്തോട്ടം നിർമ്മിക്കൽ
- കർഷക അഭിമുഖം
- കാലയളവ് - ആഗസ്റ്റ്

**ലക്ഷ്യം 2 –**

ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക

- പ്രവർത്തനം - ശാസ്ത്രോത്സവം
- ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു
- കാലയളവ് - അക്കാദമിക വർഷം

- പ്രവർത്തനം - ക്രിയേറ്റീവ് കോർണർ
- സ്കൂളിലെ ക്രിയേറ്റീവ് കോളർ ഉപയോഗപ്പെടുത്തി ശാസ്ത്ര ക്ലാസുകൾ കൈകാര്യം ചെയ്യൽ
- ക്രിയേറ്റീവ് കോർണർ ഉപയോഗപ്പെടുത്തി വൈദ്യുത ഉപകരണങ്ങൾ നിർമ്മിച്ച് പ്രവർത്തിപ്പിക്കൽ

- പ്രവർത്തനം - ശാസ്ത്ര വിസ്മയ ചുമർ
- ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയച്ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു
- കാലയളവ് - അക്കാദമിക വർഷം

# ഗണിതം

**ലക്ഷ്യം 1 –**

- എല്ലാ വിദ്യാർത്ഥികൾക്കും അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പുവരുത്തുക.
- പ്രവർത്തനം - ഗണിത ശില്പശാല
- കളി രീതിയിലുള്ള അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു
- കാലയളവ് - ജൂൺ
- ചുമതല - ഗണിത അധ്യാപിക

**ലക്ഷ്യം 2 -**

- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു
- പ്രവർത്തനം - ഗണിത ക്ലിനിക്ക്
- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപികയും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.
- കാലയളവ് - ആഴ്ചയിൽ ഒരു പീരിയഡ്

**ലക്ഷ്യം 3 -**

- ഗണിതത്തിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കുക.

- പ്രവർത്തനം - ഗണിതത്തിൽ പ്രാവീണ്യം ഉള്ള അധ്യാപകരെ പ്രയോജനപ്പെടുത്തി കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യൽ
- കാലയളവ് - വർഷത്തിൽ അഞ്ചു തവണ
- ചുമതല - ഗണിത അധ്യാപിക, ഗണിത ക്ലബ്ബ്

**ലക്ഷ്യം 4 -**

- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു
- പ്രവർത്തനം - ICT സാധ്യതകളിലൂടെ
- ജാമിതീയ രൂപങ്ങൾ ചതുഷ്ക്രിയ പോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കുന്നു
- സ്കൂളിലെ ക്രിയേറ്റീവ് കോർണർ പ്രയോജനപ്പെടുത്തുന്നു
- കാലയളവ് - മാസത്തിൽ ഒരു തവണ
- ചുമതല - ഗണിത അധ്യാപിക

**ലക്ഷ്യം 5 -**

- രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും
- പ്രവർത്തനം - ഒറിഗാമി ശില്പശാല
- ഒരുമിയിലൂടെ ഗണിതശേഷികൾ ഒരു കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുന്നു
- വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു.

- അവയുടെ സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ

**ലക്ഷ്യം 6 -**

- ഗണിത പഠന പ്രവർത്തനം സുഗമമാക്കൽ
- ഗണിത ലാബ് സജ്ജമാക്കൽ
- കാലയളവ് - ജൂലൈ
- ചുമതല - ഗണിത അധ്യാപിക, ഗണിത ക്ലബ്ബ്

# സംസ്കൃതം

ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം

**ലക്ഷ്യം 1 -**

യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ

- പ്രവർത്തനം -
- ഭാഷ ജ്ഞാനം - അക്ഷരം എഴുത്ത്, ചിഹ്നം ഉറപ്പിക്കൽ, അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്, ക്ലാസ്സിൽ അക്ഷരമാല പ്രദർശനം, അക്ഷരമാല കളികൾ, അക്ഷരമരം നിർമ്മിക്കൽ, കാർട്ടൂൺ പ്രദർശനം, പാട്ടുകളും കഥകളും കേൾപ്പിക്കുക
- കാലാവധി - ജൂൺ - ഓഗസ്റ്റ്
- ദൗതീകം - അക്ഷര ചാർട്ട്, പാഠപുസ്തകം, ICT

- പിന്തുണ - റിസോഴ്സ് അധ്യാപിക, PTA

- പ്രവർത്തനം-
- പറയാം പഠിക്കാം - ചിത്രങ്ങളുടെ പേര് പറയൽ, ചിത്രകഥകൾ, ലഘു സംഭാഷണം, നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ
- കാലാവധി - ജൂൺ - ജൂലൈ
- ദൗതീകം - സംസ്കൃത കഥാപുസ്തകം
- പിന്തുണ - റിസോഴ്സ് അധ്യാപിക

**ലക്ഷ്യം 2-**

വീട് ഒരു പരീക്ഷണശാല - കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക

- പ്രവർത്തനം –
- വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക
- ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം
- കാലാവധി - സെപ്റ്റംബർ - ഒക്ടോബർ
- ദൗതീകം - സംസ്കൃത നിഘണ്ടു

**ലക്ഷ്യം 3-**

വായനാലോകം - കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ

- പ്രവർത്തനം –
- തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക
- ഓരോ സംസ്കൃത പിരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക
- വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക
- കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക
- കാലാവധി - 6 മാസം
- ദൗതികം - ക്ലാസ് ലൈബ്രറി
- പിന്തുണ - റിസോഴ്സ് അധ്യാപിക

**ലക്ഷ്യം 4 -**

കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷ പഠന നേട്ടങ്ങൾ

- പ്രവർത്തനം –
- ക്ലബ്ബ് രൂപീകരണം
- പഠനോപകരണ നിർമ്മാണം
- കലണ്ടർ നിർമ്മാണം
- ഗൃഹസന്ദർശനം
- പഠനയാത്ര
- കാലാവധി - ജൂൺ - മാർച്ച്
- ദൗതികം - ചാർട്ട് , ചിത്രം
- പിന്തുണ - റിസോഴ്സ് അധ്യാപിക

**ലക്ഷ്യം 5 -**

മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ

- പ്രവർത്തനം –
- ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു
- എല്ലാ മാസവും ക്വിസ് നടത്തുന്നു
- മാതൃക ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു
- കാലാവധി - ജൂൺ മാർച്ച്
- ദൗതികം - ക്ലാസ് റൂം
- പിന്തുണ - റിസോഴ്സ് അധ്യാപിക

**ലക്ഷ്യം 6 -**

ആസ്വാദനലോകം - ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി

- പ്രവർത്തനം –
- നാടകം, കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു
- പറയാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ
- മാസത്തിൽ ഒരുതവണ ആസ്വാദന സഭ ചേരുന്നു. ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം
- കാലാവധി - 5 മാസം
- ദൗതികം - സംസ്കൃത ക്ലാസ്സ് റൂം
- പിന്തുണ - റിസോഴ്സ് അധ്യാപിക

**ലക്ഷ്യം 7 –**

പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ

- പ്രവർത്തനം -
- പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നൽകുന്നു
- പ്രത്യേക ക്ലാസുകൾ നൽകുന്നു
- ഗൃഹ സന്ദർശനം നടത്തുന്നു
- കാലാവധി - ജൂൺ- മാർച്ച്
- ദൗതീകം - ക്ലാസ് റൂം
- പിന്തുണ - റിസോഴ്സ് അധ്യാപിക

**ലക്ഷ്യം 8 -**

ക്ലാസ് റൂം ആകർഷകം ആക്കുന്നതിന്

- പ്രവർത്തനം –
- പെയിന്റിംഗ്
- ലൈബ്രറി ഒരുക്കൽ
- സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു